മുള്ളക്കൊടി ഗവ. എൽ. പി. സ്കൂളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

127(4409) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ മുള്ളക്കൊടി ഗവ.എൽ.പി. സ്കൂളിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ ഉണ്ട്, അവർ ആരെല്ലാം ;

(ബി) അവിടെ എത്ര ഒഴിവുകൾ ഉണ്ട് ;

(സി) ആവശ്യത്തിന് അദ്ധ്യാപകരെ ഉടൻ നിയമിക്കുമോ, എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന്, ശ്രീ. പി. പി. എബ്രഹാം, (പി. ഡി. ടീച്ചർ)

(ബി) മൂന്ന് ഒഴിവുകൾ ഉണ്ട്.

ഹെഡ്മാസ്റ്റർ	1 (ഒന്ന്)
പി. ഡി. ടീച്ചർ	2 (രണ്ട്)

(സി) പി. എസ്. സി. യിൽ നിന്ന് ലിസ്റ്റ് കിട്ടിയാൽ ഉടനെ നിയമിക്കുന്നതാണ്. എങ്കിലും സ്കൂളിന്റെ താല്പര്യം കണക്കിലെടുത്ത് പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് മാറ്റി നിയമിക്കാമെന്ന വ്യവസ്ഥയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ വയ്ക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

ഡ്രോയിംഗ് ടീച്ചർ (കൊല്ലം ജില്ല) നിയമനം

128 (4410) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഡ്രോയിംഗ് ടീച്ചറായി (ഹൈസ്കൂൾ വിഭാഗം) നിയമനം നൽകുന്നതിനായി കൊല്ലം പി.എസ്.സി. ഓഫീസിൽ നിന്നും 26-6-2001 -ൽ സി. ആർ. 111 (എസ്.) 2526/92-ാം നമ്പരായി അഡ്വൈസ് മെമ്മോ ലഭിച്ച ശ്രീ. എസ്. രവീന്ദ്രൻ പിള്ളയ്ക്ക് നിയമനം നൽകിയിട്ടുണ്ടോ ;

(ബി) കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ ഈ തസ്തികയിലേക്ക് നാല് ഒഴിവുകൾ ഉണ്ടെന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അയച്ച ഈ അഡ്വൈസ് മെമ്മോ പ്രകാരം ആ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വേക്കൻസി ഇല്ലാത്തതിനാൽ നിയമനം നൽകിയിട്ടില്ല.

(ബി) രണ്ട് പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly